പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5343 15.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കടബാധ്യത

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ നിലവിലെ കടബാധ്യത എത്രയെന്നും, ഈ കടബാധ്യതകൾ ഏതെല്ലാം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കാമോ; | (എ) | 2019 സെപ്റ്റംബർ 30 വരെയുള്ള കെ.എസ്.ആർ.ടി.സി.യുടെ കണക്കുകൾ പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ നിലനിൽക്കുന്ന കടബാധ്യത സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.<br>ബസ്സ്, ടയർ, സ്പെയർ എന്നിവയുടെ വിതരണക്കാർക്കും, സിവിൽ കരാറുകാർക്കും, ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ചേർത്ത് 319.74 കോടി രൂപയുടെ ബാധ്യതയുണ്ട്. പാലിയേക്കര ടോൾ കുടിശ്ശികയിനത്തിൽ 77.60 കോടി രൂപയും 2013-ലെ ഡീസൽ പ്രൈസ് വേരിയേഷൻ വന്നതു മൂലമുണ്ടായ ബാധ്യത 54.40 കോടി രൂപയും, ജി.എസ്.ടി., എസ്.ബി.ഐ. ക്യാപ്സിന്റെ കുടിശ്ശിക ഇനത്തിൽ 12.75 കോടി രൂപയും, കൺസോർഷ്യം വായ്പയുടെ ബാലൻസായി 3043.67 കോടി രൂപയും ചേർത്ത് 2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം 3508.16 കോടി രൂപയുടെ ബാധ്യതയുണ്ട്. ഇത് കൂടാതെ എം.എ.സി.ടി. കേസുകളിൽ എകദേശം 50 കോടി രൂപയുടെ ക്ലെയിമിന്റെ കുടിശ്ശികയും, കൂടാതെ ഓയിൽ കമ്പനികളും കെ.എസ്.ആർ.ടി.സി.യുമായുള്ള കരാർ പ്രകാരം അനുവദനീയമായ ഡ്യൂ (Due) ആകാത്ത 135 കോടി രൂപയുടെ ക്രെഡിറ്റും നിലനിൽക്കുന്നുണ്ട്. ഇതു കൂടാതെ സർക്കാർ വായ്പ ഇനത്തിൽ 2008-09 മുതൽ 2018-19 സാമ്പത്തിക വർഷം വരെ അനുവദിച്ച 3281.83 കോടി രൂപയും ബാധ്യതയാണ്. |

| | | | |
|---|---|---|---|
| (ബി) | ഓരോ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടങ്ങൾക്ക് കോർപ്പറേഷൻ എത്ര ശതമാനമാണ് പലിശയായി നൽകുന്നതെന്നും ഇതനുസരിച്ച് ഓരോ മാസവും എത്ര തുക വീതം പലിശയിനത്തിൽ നൽകുന്നുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) | കൺസോർഷ്യം വായ്പയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മെമ്പർ ബാങ്കുകൾക്കും നിലവിൽ 9.55% പലിശ നൽകി വരുന്നുണ്ട്. ഇതനുസരിച്ച് പ്രതിമാസം ശരാശരി 25 കോടി രൂപ പലിശയിനത്തിൽ നൽകി വരുന്നുണ്ട്. |
| (സി) | കടം എടുത്തിരിക്കുന്നത് എത്ര വർഷം വീതമുള്ള തിരിച്ചടവ് കാലയളവിലാണെന്ന് വിശദമാക്കാമോ ? | (സി) | നിലവിൽ 20 വർഷം തിരിച്ചടവ് കാലയളവുള്ള 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പയാണ് എടുത്തിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**